''വിട്ടുപോന്ന കൂടാരങ്ങളൊക്കെ
ഓർമ്മകളുപ്പിലിട്ട ചീനഭരണികളാണ്. ഭൂതകാലത്തെ ഗർഭം ധരിച്ച്
അവയിങ്ങനെ ഇരിക്കുന്നത് ഞാൻ ആസ്വദിക്കുന്നു''.

ചില ഓർമ്മക്കുറിപ്പുകൾ വായിച്ചത് മനസ്സിൽ തറച്ചതിനാൽ
അതിനുടമയെ വിളിച്ചു,.

'പറയു ഒറ്റ വാചകത്തിൽ താങ്കളാരാണ്?'

മറുപടി ഉടൻž
''പാൽ ഉപോല്പന്ന നിർമ്മാണങ്ങളുടെ ടെക്നിക്ക് പഠിച്ച്
പ്രയോഗത്തിലൂടെ ഒരു വ്യാഴവട്ടം പൂർത്തിയാക്കി ബാങ്കർ ആയി
തീർന്നവൻ''.

ആ ഒരു വട്ടം താങ്കൾ എവിടെയായിരുന്നു?

''രാജ്യത്തെ തെക്കു നിന്നുയിർകൊണ്ട് വടക്ക് കിഴക്കും പിന്നവിടെ
നിന്നൊരു കുതിപ്പിൽ തെക്ക് കിഴക്കും മദ്ധ്യവും കടന്ന് പടിഞ്ഞാറു
പൊങ്ങിക്കുതിച്ചു പതിച്ചു വീണത് മണലാരണ്യങ്ങളിൽ''.

ഈ ആഴ്ചയിലെ പ്രതിഭാന്വേഷണം ചെന്നെത്തിയത് നമ്മുടെ
എഴുത്തുപുര സുഹൃത്തുക്കളുടെ മടയിൽ. അതിനൊരു
കാരണവുമുണ്ട്. അവർ (Literary Forum)
നൂറ് പുസ്തകങ്ങളുടെ വായനാകൗതുകം പങ്കുവെച്ച് ആഴ്ച തോറും
മുടങ്ങാതെ നമ്മുടെ ഗ്രൂപ്പിന്റെ സാഹിതീ വിഭാഗത്തെ
സമ്മോഹനമാക്കിയവർ എന്നതു തന്നെ.

അവരിൽ നിന്ന് കണ്ടെത്തിയ
കഥാകാരനും സറ്റയറിസ്റ്റുമായ ബാങ്കർ,
തീക്ഷ്ണമായ പ്രവാസജീവിതം സമ്മാനിച്ച ചുട്ടുപൊള്ളുന്ന
ഓർമ്മച്ചെപ്പുകളുടെ ഉടയോൻ,

**അഭിലാഷ് പീതാംബരൻ**
**ബാങ്ക് ഓഫ് ബറോഡ**
**പെരിന്തൽമണ്ണ.**

അഭിലാഷ്, കായംകുളത്ത് പുതിയവിളയിൽ ശ്രീ ഡി.പീതാംബരൻ,
പരേതയായ എസ്. രത്നമ്മ ദമ്പതികളുടെ മകൻ. അച്ഛൻ
പാരാമിലിറ്ററിയിൽ സേവനം പൂർത്തിയാക്കി വിരമിച്ച് കായംകുളത്ത്
വിശ്രമജീവിതം നയിക്കുന്നു. മൂത്ത സഹോദരി അമ്പിളി എന്ന
വീട്ടമ്മയും ഇരട്ട സഹോദരി ആശ എന്ന അദ്ധ്യാപികയും കൂട്ടായുണ്ട്.

ഭാഷാസ്നേഹിയുമായിരുന്ന അമ്മയിൽ നിന്ന് കൈവരിച്ച പുരാണേതിഹാസ പരിചയം സാഹിതീബന്ധത്തിന് വെളിച്ചം വിതറി നില്ക്കുന്നു. കായംകുളം പുതിയവിള കോപ്പാറേത്ത് എച്ച്.എസ്സിൽ സ്ക്കൂൾ പഠനശേഷം 1996 ൽ പ്രീഡിഗ്രീ പഠനം, മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽž

തുടർന്ന് തൃശൂർ മണ്ണുത്തിയിൽ വെറ്റനറി കോളേജിൽ പഠിച്ച് കേരള കാർഷിക സർവകലാശാലയിൽ നിന്ന് ബി.ടെക് (ഡയറി ടെക്നോളജി) ബിരുദവും നേടി 2002 ൽ ആരംഭിച്ച ഡയറി സയൻസ് പ്രാവർത്തിക പ്രയാണം ഒരു വ്യാഴവട്ടം നീണ്ടു.രാജ്യത്തെ ദിക്കുകൾ താണ്ടി ഡയറി പ്ളാന്റുകളിലൂടെ പാലുല്പാദക സഹകരണപ്രസ്ഥാനങ്ങളുടെ ഉപ്പിൽ ജീവിതം കണ്ടു.

മണ്ണുത്തിയിലെ ബിരുദ പഠനകാലം സാഹിതീ ബന്ധങ്ങളുടെ ഇഴയുറപ്പിക്കലിന് ഊടും പാവും നല്കി.അവിടെ നടന്നിരുന്ന സർഗ്ഗസംവാദങ്ങളിൽ സീനിയർമാരായിരുന്ന Dr. രാജേഷ്കുമാർ, Dr.ഹംസ പാലേക്കോടൻ, Dr ജാക്കിൻ, Dr നിഷാന്ത് തുടങ്ങിയവരുടെ പ്രേരണയാൽ മലയാള സാഹിതീക്യാമ്പുകളിൽ പങ്കു കൊണ്ടു. കവി ഡി.വിനയചന്ദ്രൻ, കുഞ്ഞുണ്ണി മാഷ്, സിവിക് ചന്ദ്രൻ, കെ ഇ എൻ കുഞ്ഞഹമ്മദ് , സി എസ് ചന്ദ്രിക, സാറാ ജോസഫ് ഒക്കെയും ക്യാമ്പസ് സാഹിതീബന്ധങ്ങളിലെ ഈടുറ്റ വിളക്കിച്ചേർക്കലുകൾž

കുറച്ചേ എഴുതിയിട്ടുള്ളു. ''മഴക്കാടുകൾ'', ''മുഗൾവംശം'','ഗെമാർ'' എന്നീ കഥകൾ ക്യാമ്പിൽ പങ്കെടുത്ത ഊർജ്ജത്തിൽ നിന്നാവാഹിച്ച സ്നേഹബിന്ദുക്കൾžഈ കഥകൾ വെറ്റനറി കോളേജ് web മാഗസീനിലൂടെയും സ്വന്തം ബ്ലോഗിലൂടെയും പ്രസിദ്ധം കണ്ടു. 2002 ൽ പാസ്സായ ശേഷം ഡയറീ ട്രെയിനിംഗിനായി കൽക്കത്തക്ക് തിരിച്ചു. ട്രെയിനിംഗ് കാലത്ത് പുസ്തകങ്ങളും ബംഗാളിന്റെ മണ്ണും പാൽ സംഘങ്ങളും പുതിയ അവബോധം നല്കി.

ആന്ധ്രയിലെ ഒരു പാലുല്പാദക കമ്പനിയിലെ ജോലിയുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലെ ജീവിതം 2005 വരെ.

തുടൽന്ന് ബറോഡയിലെത്തി 'അമുലി'ൽ കൂടെ രണ്ടായിരത്തി ഏഴുവരെ.

''അമുൽ'' ജീവിതകാലം ആ മഹാപ്രസ്ഥാനത്തിന്റെ സഹകരണമന്ത്രങ്ങളിലൂടെ അധികവും സഞ്ചരിച്ചത് മുംബൈക്കായിരുന്നു.

അക്കാലത്ത് എഴുതിയ കഥകളിൽ ''മഴയിൽ ഒരു കാക്ക'' (കലാകൗമുദി 2006) ''വരയില്ലാത്ത ലിപിയിൽ'', ''കൊളുത്ത്' എന്നിവ ശ്രദ്ധിക്കപ്പെട്ടവയാണ്.

2007ൽ അമുൽ വിട്ടു. പ്രശസ്തമായ കുവൈറ്റ് ഡാനിഷ് ഡയറിയിൽ (KDD) ജോലിയിൽ പ്രവേശിച്ചു. ഏഴു വർഷം നീണ്ട കുവൈറ്റ് പ്രവാസജീവിതത്തിന്റെ ആഴങ്ങളിൽ മുങ്ങിയെടുത്ത കുറേ ഓർമ്മക്കുടങ്ങളുമായാണ് നാട്ടിലേക്ക് മടങ്ങിയത്. അവിടെയാകെ പച്ചയായ മനുഷ്യജീവിതങ്ങളുടെ തേങ്ങലുകൾ ചുരന്നു നിന്നിരുന്നു. പാൽമണം പരന്നൊഴുകുമിടങ്ങളിൽ എണ്ണയിട്ട യാന്ത്രികത തളം കെട്ടി നിന്നു. രാജ്യാന്തരങ്ങളിലെ വർണ്ണ-മത- വെറി വ്യതിയാനങ്ങളിൽ ഭ്രമിക്കാതെ ഒരു കൂട്ടം യുവസ്നേഹിതർ അവിടെയും ഉണ്ടായിരുന്നു. പുസ്തകങ്ങൾ കൈവിടാതെ ആ കാലവും കടന്നു പോയി. തീയിൽ ചുട്ടെടുത്ത കാക്കനാടൻ സാഹിത്യത്തിന്റെ പൊരുളറിയുവാൻ ഉരുകുന്ന മണലാരണ്യം തണലായി.

നാട്ടിലേക്ക് മടങ്ങുവാനുള്ള ആഗ്രഹം കലശലായപ്പോൾ ബാങ്കിംഗ് ടെസ്റ്റുകൾ എഴുതി. 2014 ൽ എൻ്ആർ്ഐ ജീവിതം അവസാനിപ്പിച്ചു കൊണ്ട് IBPS test ലൂടെ വിജയ ബാങ്കിൽ Agri Special officer ആയി മൈസൂരിലെത്തി സ്വദേശി ജീവിതം പുനരാരംഭിച്ചു.

അഞ്ചു വർഷം മൈസൂർ, ഹസൻ, കുർഗ് മേഖലകളിലൂടെ സഞ്ചരിച്ച് ഒരു പാട് കർഷകരെ കണ്ടു. രാവണ്ടൂർ ബ്രാഞ്ചിന്റെ പശ്ചാത്തലത്തിൽ എഴുതിയ ''പൗർണ്ണമി'', വട്ടിപ്പലിശക്കാരുടെ പിടിയിലമർന്ന പുകയിലക്കർഷകരുടെ കഥ പറയുന്നു.

''എതു ഭാഷയും വേഗം പഠിക്കുവാൻ ദിവസവും അതാതു നാട്ടിലെ കർഷകരോട് സംസാരിച്ചാൽ മതിയാകും. ബാങ്കുകാരെ ഒരിക്കലുമവർ കളിയാക്കില്ല''. അഭിലാഷ് അവരോടുള്ള സ്നേഹം പങ്കു വച്ചു.

വിജയാ ബാങ്ക്, ബാങ്ക് ഓഫ് ബറോഡയുമായി സംയോജിച്ച 2019 മുതൽ അഭിലാഷ് ബാങ്ക് ഓഫ് ബറോഡ പെരിന്തൽമണ്ണ ബ്രാഞ്ചിന്റെ മാനേജരായി പ്രവർത്തിക്കുന്നു.

ടാലന്റഡ്ബാങ്കേഴ്സ് എന്ന കൂട്ടായ്മയിലൂടെ അതിന്റെ സഹോദര സംഘമായ ''ബാങ്ക് ട്രോൾ'' ഗ്രൂപ്പിലെ അഭിലാഷിന്റെ സറ്റയറുകളും ഏറെ ശ്രദ്ധിക്കപ്പെടുന്നു.

ലിറ്ററി ഫോറത്തിലൂടെ തന്റെ പുസ്തകപ്രേമം പുതു തലങ്ങൾ

താണ്ടുന്നു എന്ന് അഭിലാഷ് സസന്തോഷം അറിയിക്കുന്നു.

അഭിലാഷിന്റെ ജീവിതസഖി അനു ഭരതൻ എന്ന ചെങ്ങന്നൂർക്കാരി ടെക്നോപാർക്ക് ഐ ബീ എസിൽ സോഫ്ട്വെയർ എഞ്ചിനീയറാണ്. അരുന്ധതി എന്ന ആറു വയസ്സുകാരി മകളും ചേർന്ന അഭിലാഷ പൂർണ്ണിമയിൽ ഇടയ്ക്ക് ചെറു കവിതകളും വിടരും. ലോക്ഡൗൺ കാലം ഒറ്റക്ക് പെരിന്തൽമണ്ണയിൽžഅനുവും കുഞ്ഞും അനന്തപുരിയിലും.

കഥകളുടെ ഒരു സമാഹാരവും പ്രവാസ ജീവിതത്തിന്റെ ഉൾപ്പരപ്പുകൾ സൂക്ഷിച്ച ഓർമ്മക്കുടങ്ങളിലെ ഏടുകൾ ചേർത്ത് ഒരു പുസ്തകവും അഭിലാഷ് ഏറെ നാളത്തെ മോഹമായി സൂക്ഷിക്കുന്നു.

അഭിലാഷിന്റെ സ്വപ്നങ്ങൾ പൂവണിയട്ടെ എന്ന ആശംസകളോടെ.

**English Version**

"Camps resplendent with experiences in life, once left behind, are pitchers which keep within them memories salted. I find it joyous to find them endowed with conception of the past."

I couldn't help some reminiscences shared by a wordie from getting etched into and sticking out in my mind and perceivably, not before long did I call the logophile.

"Tell me as to who you are in a word", I uttered, for which I got his reply abruptly.

"Someone who turned out to be a banker, after having learned and implemented the techniques of production of by products of milk-a journey which spanned around 12 years.

"Where had you been in those times? "

"Born in southern part of the nation, to thereafter traverse to the North East and leap to South East and then to the West to leave my pelmatogram in sands eventually. "

Quest for a talent this week found it's destination at our literary forum, the reason being their contribution towards aestheticizing it to no confines to the fulfilment of our curiosity, that too with reviews of as big in numbers as hundred books.

We spotted from among them, a banker who is a story writer and a satirist ; some one who possesses scorching memories of his life as an expat.

Shri Abhilash Peethambaran
Bank of Baroda
Perinthalmanna

Abhilash was born to Shri D.Peethambaran and late S Ratnamma in Puthiyavila located in Kayamkulam. His father retired from service in Paramilitary and is enjoying his retired life. His elder sister Mrs Ambili is a housewife and his twin sister Asha is a teacher. His mother was fond of epics and she instilled literary skills in him. After finishing his schooling from Koperath HS School, Kayamkulam, he did his pre degree in 1996 at Bishop Moore College, Mavelikkara.

After completing his studies at Mannuthy Veterinary College in Thrissur, he got B.Tech in Dairy Technology at Kerala Agricultural University.He started pursuing his empirical journeys in 2002 which spanned 12 years.He found contentment in associating with cooperative societies which focussed on milk production.

Tenure of his graduation in Mannuthy witnessed strengthening of his literary skills. Inspired by his seniors-Dr. Rajesh Kumar, Dr. Hamsa Pallekodan, Dr Jakin and Dr Nishanth, he participated in Malayalam literary camps. Famed writers like D.Vinayachandran, Kunjunni Master, Civic Chandran, K. E.N Kunjahammed, CS Chandrika and Sarah Joseph served as linking pins which put his literary skills intact.

His stories "Mazhakkadukal, '' Mughalvamsam '' and '' Ghemar '' drew inspiration from the impetus derived from participating in the camp. These stories have been featured in the Veterinary College web magazine and his own blog.
In 2002, he went to Calcutta for dairy training. During the training period, books, soil of Bengal and milk societies enlightened him.

Thereafter he lived in Tamilnadu while working for an Andhra based milk producing company till 2005.Thenceforth he worked with Amul in Baroda till 2007.His most frequent travels were to Mumbai during that stint.

The most noted of his stories during that period were "Mazhayil Oru Kakka" (Kalakaumudi 2006), Varayillatha lipiyil" and "Koluthu".

He left Amul in 2007 and joined Kuwait Danish Dairy.

During his seven-years stint as an expatriate in Kuwait he witnessed lives reeling under sufferings amidst the aroma of milk lingering around.

There were also a bunch of young friends out there who weren't bothered about the racial and religious differences. That time passed without bidding adieu to books. The scorching sands gave way to realization of the crux of Kakkanadan Literature.

He wrote banking tests to fulfil his dream of returning to his home town.He got selected as an Agriculture Specialist Officer at Vijaya Bank through IBPS test and relocated to Mysore.

He travelled to Mysore, Hassan and Coorg regions for five years and met a large number of farmers. '' Pournami '', written in the context of the Ravandoor branch, tells the story of tobacco farmers who grappled with unscrupulous moneylenders.

"If you talk to the local farmers you can learn any language quickly. They will never make fun of bankers." Abhilash shared his love for them.

Abhilash has been working as manager of the Perinthalmanna branch of Bank of Baroda after Vijaya bank got merged with Bank of Baroda.

Abhilash's satires in the bank trolls group are also well received. Abhilash is happy to acknowledge that his love for books is exploring new heights through the Literary Forum.

His wife Anu Bharathan ,native of Chengannoor is a software engineer working at IBS in Technopark. His six-year-old daughter Arundhathi, occasionally writes poems.Abhilash lives alone in Perinthalmanna in this lock down period while his wife and daughter are in Trivandrum.

He has been longing to bring to limelight, compilation of his stories and a book on the memoirs he cherishes from the pages of his life as an expatriate.

Talented bankers wholeheartedly wishes Abhilash success at all turns of life.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram